**ആദരണീയനായ,**

**കേരള സംസ്ഥാനപിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ**
**മാനേജിംഗ് ഡയറക്ടർ സമക്ഷത്തിലേക്ക്,**

**സർ,**

കേരളത്തിലുടനീളം ചിന്നിച്ചിതറി താമസിക്കുന്ന, വിവിധ ജാതിനാമങ്ങളിൽ അറിയപ്പെടുന്ന, സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നില്ക്കുന്ന, പരമ്പരാഗതമായി വിവിധതരം കുലത്തൊഴിലുകൾ ചെയ്തു വന്ന, യന്ത്രവല്കരണം മൂലം കുലത്തൊഴിലുകൾ നഷ്ടപ്പെട്ട 30 ചെറിയ പിന്നോക്ക സമുദായങ്ങളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി കഴിഞ്ഞ 30 വർഷമായി രൂപീകരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് മോസ്റ്റ് ബാക്കുവേർഡ് കമ്മ്യൂണിറ്റീസ് ഫെഡറേഷൻ.(എംബിസിഎഫ്)

ഈ സംഘടന പ്രതിനിധാനം ചെയ്യുന്ന വിവിധ സമുദായങ്ങളിൽ ഉൾപ്പെട്ട ലക്ഷക്കണക്കിനു കുടുംബങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും ഇതിൽ ബഹുഭൂരിപക്ഷവും എല്ലാതരത്തിലും ദുരിതം അനുഭവിക്കുന്നവരാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഈ കുടുംബങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളിൽ പഠിക്കുന്നതിന് സ്മാർട്ട്ഫോണോ,ടാബോ,കമ്പ്യൂട്ടറോ, ലാപ്ടോപോ, എൽ ഇഡി ടിവിയോ ഇല്ല എന്നത് ഏറ്റവും ദു.ഖകരമായ കാര്യമാണ്.

ഈ വിഭാഗങ്ങളുടെ സാമൂഹ്യപുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ നേതൃത്വത്തിൽ അതിലെ സാമ്പത്തികശേഷിയുള്ള ചില അംഗങ്ങളുടെ സഹായത്തോടെ കുറച്ചുകുട്ടികൾക്ക് പഠനസൗകര്യം ഒരുക്കിക്കൊടുക്കാൻ ഇതിനകം ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇനിയും നൂറുകണക്കിനു കുട്ടികൾക്ക് ഈ സംവിധാനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ ആശാകേന്ദ്രവും കഴിഞ്ഞ 25 വർഷക്കാലമായി പിന്നോക്ക വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കേരളസംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായവും സഹകരണവും ഈ കാര്യത്തിൽ ഉണ്ടാകണമെന്നു ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

കേരളത്തിലെ വിവിധ ജില്ലകളിലുള്ള എംബിസിഎഫിൽ ഉൾപ്പെട്ട വിവിധ പിന്നോക്കസമുദായങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകളിൽ പഠിക്കുന്നതിന് ആവശ്യമായ സ്മാർട്ട്ഫോണോ, ടാബോ,കമ്പ്യൂട്ടറോ, ലാപ്ടോ പോ,എൽഇഡി ടിവിയോ വാങ്ങുന്നതിന് ഓരോ ഐറ്റത്തിന്റെയും വില കണ-ക്കാക്കി ഓരോ കുടുംബങ്ങൾക്ക് അയ്യായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെയുള്ള സഹായം പേഴ്സണൽലോണായി ഏറ്റവും കുറഞ്ഞ പലിശയ്ക്ക് (കഴിയുന്നതും 4 ശതമാനമോ 5 ശതമാനമോ വച്ച് ) 3 വർഷത്തെ തിരിച്ചടവു കാലാവധിയിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

ബിസിഡിസി-എംബിസിഎഫ് സ്മാർട്ട്ലോൺ എന്ന് ഇതിന് നാമകരണം ചെയ്യണമെന്നാണു ഞങ്ങൾ ആഗ്രഹിക്കുന്നത്.ഏറ്റവും കുറഞ്ഞത് 2000 കുടുംബങ്ങൾക്കെങ്കിലും ഈ ലോൺ ആവശ്യമായി വരുമെന്നുകരുതുന്നു. എംബിസിഎഫ് സംസ്ഥാനക്കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നേരിട്ടുള്ള നിയന്ത്രണത്തിലും ഈ ലോൺ സംവിധാനം നടപ്പിലാക്കണമെന്നും, അതിന് മിനിമം ഗാരന്റി നിശ്ചയിക്കണമെന്നും ഏതുവിധത്തിൽ ഈ ലോൺ ആവശ്യമുള്ള-അർഹതപ്പെട്ട കുടുംബങ്ങൾക്കുഭ്യമാക്കാൻ സാധിക്കുമെന്നതും, ഉൾപ്പെടെയുള്ള നിയമാനുസരണമുള്ള എല്ലാകാര്യങ്ങളും ബിസിഡിസി ഡയറക്ടർ ബോർഡ് തീരുമാനിച്ച് അറിയിക്കുന്നതനുസരിച്ച് ഒരു തരത്തിലുള്ള വീഴ്ചകളും കൂടാതെ കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതിനെസംബന്ധിച്ചുള്ള കാര്യങ്ങൾക്കു വ്യക്തത വരുത്തുന്നതിനു വേണ്ടി പരസ്പരം സംസാരിച്ച് തീർപ്പുകൽപ്പിക്കുന്നതിനും ഞങ്ങൾ ഒരുക്കമാണ്.

ഇതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതോടൊപ്പം പദ്ധതിയുടെ പൂർണ്ണചുമതല എംബിസിഎഫ് സംസ്ഥാനക്കമ്മിറ്റിയും അതിന്റെ ജനറൽസെക്രട്ടറി എന്ന നിലയിൽ ഞാനും ഏറ്റെടുക്കുന്നതാണെന്ന് ഇതിനാൽ ഉറപ്പു നൽകുന്നു. ആകയാൽ ഈ കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുത്ത് ഏറ്റവും ശ്രേഷ്ഠമായ ഈ കർമ്മപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ആദരപൂർവ്വം

എസ്സ്.കുട്ടപ്പൻചെട്ടിയാർ
ജനറൽസെക്രട്ടറി
എംബിസിഎഫ്

തിരുവനന്തപുരം
15-06-2020